ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

Ref. M/BP/LFB/13.2024 August 14, 2024

ഈ വർഷത്തെ ഓണാഘോഷങ്ങളെ സംബന്ധിച്ച്...

സ്നേഹ ബഹുമാനപ്പെട്ട വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ദൈവജനത്തിന്റെയും സ്ഥാപന അധികാരികളുടെയും ശ്രദ്ധയ്ക്ക്

ഓണത്തിന് ഇനി കൃത്യം ഒരു മാസം മാത്രം. പല സ്ഥലങ്ങളിലും ഓണാഘോഷത്തിനും മത്സരങ്ങൾക്കുമുള്ള ഒരുക്കം തുടങ്ങിക്കഴിഞ്ഞു. ആഘോഷങ്ങൾ ജീവിതത്തിന്റെ വിരസത അകറ്റുക മാത്രമല്ല, മതമൈത്രിയിൽ വളരുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു. എന്നാൽ ഈ വർഷത്തെ ഓണാഘോഷങ്ങളെക്കുറിച്ച് ഒരു പുനരാലോചന നമുക്ക് ആവശ്യമുണ്ടെന്ന് ഞാൻ കരുതുന്നു. വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇനിയും നൂറോളം മൃതദേഹങ്ങൾ കണ്ടു കിട്ടിയിട്ടില്ല. ഓണത്തിന്റെ ഈറ്റില്ലമായ കേരളം കഠിനമായ നൊമ്പരത്തിലാണ്. കരയുന്നവനോടു കൂടി കരയുകയും ചിരിക്കുന്നവനോടു കൂടി ചിരിക്കുന്നതുമാണ് ക്രൈസ്തവ പാരമ്പര്യം. ഇപ്പോഴത്തെ മഴയുടെ സ്ഥിതിയനുസരിച്ച് ഇനിയും കെടുതികൾ സംഭവിച്ചേക്കാം എന്ന് ആ രംഗത്ത് അറിവുള്ളവർ നമ്മോട് പറയുന്നു.

സാമ്പത്തിക സഹായത്തോടൊപ്പം വൈകാരികമായ ഐക്യദാർഢ്യവും നമ്മുടെ ജന്മനാടിന് ആവശ്യമാണ്. കർണാടകയിൽ തുംഗഭദ്ര ഡാമിന് തകരാറുണ്ടായി അനേക മനുഷ്യർ കടുത്ത ഭീതിയിലുമാണ്. **ഈ അവസ്ഥകൾ പരിഗണിച്ച് ഓണത്തിന്റെ മത്സരങ്ങളിലും പൊതുവായ ആഘോഷപ്രകടനങ്ങളിലും ഒരു മിതത്വം പാലിക്കാൻ മണ്ഡ്യരൂപതയിലെ എല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നു.** നിങ്ങൾ പരസ്പരം ആലോചിച്ച് ഉചിതമായ തീരുമാനമെടുത്ത് നമ്മുടെ ഈ വർഷത്തെ ഓണാഘോഷം നമ്മുടെ ധാർമ്മിക ബോധത്തിന്റെയും സാഹോദര്യ മനോഭാവത്തിന്റെയും ഒരു നല്ല സൂചനയാക്കുവാനുള്ള പൊതുവായ പരിശ്രമമാക്കണം. മണ്ഡ്യ രൂപതയുടെ മക്കൾ എന്നും ഏറ്റവും ഉചിതമായതേ ചെയ്യൂ എന്ന് എനിക്ക് ഉറപ്പുണ്ട്. അത് പൊതുവായ ചിന്തയും പ്രവൃത്തിയുമാക്കുമ്പോൾ നാം വസിക്കുന്ന മണ്ണിന് തന്നെ അത് ആശ്വാസത്തിന്റെ ഒരു കുളിർക്കാറ്റായി മാറും.

നന്മ നിറഞ്ഞ നല്ല കാലങ്ങളുടെ ആശംസകളോടെ,

സെബാസ്റ്റ്യൻ പിതാവ്
മണ്ഡ്യ രൂപത മെത്രാൻ